**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2059** **21-06-2024 - ൽ മറുപടിയ്ക്ക്**

**അത്യുഷ്ണം മൂലം മരണപ്പെട്ടവർക്ക് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | ഇക്കഴിഞ്ഞ വേനൽക്കാലത്ത് സംസ്ഥാനത്ത് അനുഭവപ്പെട്ട അത്യുഷ്ണം മൂലം മരണപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ;വ്യക്തമാക്കാമോ; | (എ) | മരണപ്പെട്ടവരുടെ ആശ്രിതർക്ക് ആശ്വാസധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | അത്യുഷ്ണം മൂലം സ്വത്തുവകകൾക്കുണ്ടായിട്ടുള്ള നാശനഷ്ടം സംബന്ധിച്ച് വകുപ്പുതല റിപ്പോർട്ട് തയാറാക്കിയിരുന്നോ; വിശദമാക്കാമോ? | (ബി) | വരൾച്ച മൂലമുണ്ടായ കൃഷിനാശം വിലയിരുത്തുന്നതിനായി ബ്ലോക്കടിസ്ഥാനത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ, കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ്, ബ്ലോക്ക് തല കൃഷി വിജ്ഞാന കേന്ദ്രത്തിലെ കാർഷിക സർവകലാശാല പ്രതിനിധി എന്നിവർ ഉൾപ്പെടുന്ന വിദഗ്ധ സംഘം രൂപീകരിച്ചു. സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലെയും വരൾച്ച ബാധിത കൃഷിയിടങ്ങൾ സംഘം സന്ദർശിക്കുകയും കാർഷിക വിളകൾക്കുണ്ടായ നഷ്ടം തിട്ടപ്പെടുത്തുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. അതിൻ പ്രകാരം സംസ്ഥാനത്തുടനീളം 23,021 ഹെക്ടറിൽ നേരിട്ട് കൃഷിനാശം സംഭവിച്ചതായും 257 കോടി രൂപയുടെ നഷ്ടം ഉണ്ടായതായും കണക്കാക്കിയിട്ടുണ്ട്. പരോക്ഷമായി 23,569 ഹെക്ടറിൽ 118.69 കോടി രൂപയുടെ നഷ്ടവും കണക്കാക്കിയിട്ടുണ്ട്. 56,947 കർഷകരെ വരൾച്ച ബാധിച്ചു.<br><br>ഇടുക്കി, വയനാട്, പാലക്കാട്, തൃശ്ശൂർ ഉൾപ്പെടെ എല്ലാ ജില്ലയിലും അതിരൂക്ഷമായ വരൾച്ചയും ഉഷ്ണതരംഗവും മൂലം പ്രധാന ഭക്ഷ്യ വിളകളായ നെല്ല്, വാഴ, പച്ചക്കറികൾ, പഴവർഗങ്ങൾ, പയറുവർഗങ്ങൾ മുതലായവയ്ക്കും ഏലം, കുരുമുളക്, കാപ്പി, കൊക്കോ, അടക്ക, തെങ്ങ് ഉൾപ്പെടെയുള്ള നാണ്യ തോട്ടവിളകൾക്കും കനത്ത നാശനഷ്ടം സംഭവിച്ചു. പ്രധാന വിളകളിൽ നെല്ല് 1854 ഹെക്ടർ, വാഴ 2091 ഹെക്ടർ, കുരുമുളക് 1251 ഹെക്ടർ, തെങ്ങ് 160 ഹെക്ടർ, ഏലം 16229 ഹെക്ടർ എന്നിവയ്ക്ക് നേരിട്ടുള്ള നാശനഷ്ടം സംഭവിച്ചു. ഇടുക്കി മേഖലയിൽ ഏലത്തിന് വ്യാപകമായ നാശനഷ്ടം സംഭവിച്ചു. 15731 |

| | | | |
|---|---|---|---|
| | | | ഹെക്ടറിലെ ഏലം കൃഷി പൂർണ്ണമായും നശിച്ചു പോയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ